[ശ്രീ. കെ. ടി. അച്യുതൻ]

യാതൊരു ഉദ്ദേശവുമില്ല. കഴിഞ്ഞ ഒരു കൊല്ലമായിട്ട് ഒരു പ്രത്യേക സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിൽ economy measures നടപ്പിൽവരുത്തണമെന്നു സംസ്ഥാന ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റും പറഞ്ഞിട്ടുണ്ടു്. അതും നാം ഓർമ്മിക്കേണ്ട കാര്യമാണു്. പ്രത്യേകിച്ചും കഴിഞ്ഞ കൊല്ലം ബഡ്ജറ്റ് സമ്മേളനത്തിൽ സ്റ്റോറ് ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെന്റിനു ഇത്രമാത്രം വരവുണ്ടാകുമെന്നും ഇത്രമാത്രം ചെലവു ചെയ്യേണ്ടിവരുമെന്നും മറ്റു് ആവശ്യങ്ങൾക്കുവേണ്ടി എത്രമാത്രം ചെലവാക്കേണ്ടിവരുമെന്നും മറ്റും കണക്കിലെടുത്തിരുന്നു. എന്നാൽ ഈ പത്തു മാസത്തെ അനുഭവം വച്ചു നോക്കിയിട്ട് അത്രത്തോളം എത്തിച്ചേരുമെന്നു തോന്നുന്നില്ല. അതിലും വലിയ മിച്ചമൊന്നുമില്ല. മാത്രവുമല്ല, ഇന്നത്തെ കാര്യം മാത്രം നോക്കിയാൽ പോരാ. നാളത്തെ കാര്യവുംകൂടി കണക്കിലെടുക്കണം. ഇന്നത്തേയും നാളത്തേയും കാര്യം കണ്ടുകൊണ്ടു് മറ്റന്നാളത്തേക്കു പോയാൽ കൊള്ളാമെന്നുള്ള താല്പര്യവും ഉണ്ടു്. ഈ യൂണിയന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുമ്പോൾ ഇതുപോലുള്ള മറ്റു് യൂണിയനുകൾ എന്തെല്ലാം ആവശ്യപ്പെടാം എന്നുള്ളതും നോക്കണം. ഇവിടുള്ള ഏതു തുറയിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥനായാലും ശരി, എല്ലാവർക്കും ഒരുപോലെ നീതി ലഭിക്കത്തക്ക രീതിയിൽ ആകമാനമുള്ള കാര്യങ്ങൾ വച്ചുകൊണ്ടു് കാര്യങ്ങൾ ആലോചിക്കണമെന്നു് ഗവണ്മെന്റിനു് താൽപ്പര്യമുണ്ടു്. ഇതെല്ലാം ഞാൻ സാമാന്യമായി പറഞ്ഞുവെന്നേയുള്ള. ഇപ്പോൾ ഇവിടെ ഉന്നയിച്ചിട്ടുള്ള സംഗതിയെപ്പറ്റി ആലോചിക്കാം. ഏതു യൂണിയനായാലും ശരി ആവശ്യങ്ങൾ വരുമ്പോൾ ഡിമാൻഡുകൾ ഉന്നയിക്കും. സർക്കാർ ആ ഡിമാൻഡുകളെപ്പറ്റി അന്വേഷിക്കും. സാമാന്യമായി ചെയ്തുകൊടുക്കുവാൻ സാധിക്കുന്നതു ചെയ്തുകൊടുക്കുവാനുള്ള താൽപ്പര്യവും ഗവണ്മെന്റിനുണ്ടു്. അതിലേയ്ക്കുള്ള സന്മനസും ഉത്തരവാദിത്വവും ഇരു ഭാഗക്കാർക്കും ഉണ്ടായിരിക്കേണ്ടതാണു്. ഇതൊരു അടിയന്തിരപ്രമേയമായി ചർച്ചചെയ്യേണ്ട യാവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതിനു അനുമതി കൊടുക്കേണ്ട കാര്യമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രി ഇവിടെ എന്തെല്ലാമോ പറഞ്ഞു. അതെല്ലാം ദിവസശമ്പളങ്ങൾ മാസശമ്പളമാക്കണം തുടങ്ങിയ അടിയന്തിര കാര്യങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടണം എന്നാവശ്യപ്പെടുന്ന എന്റെ പ്രമേയത്തിനു ബാധകമായിട്ടുള്ളതല്ല. അതുകൊണ്ടു് ഈ പ്രമേയം ചർച്ചചെയ്യാൻ അനുവാദം നൽകണമെന്നു് അപേക്ഷിക്കുകയാണു്.

ശ്രീ. കെ. ടി. അച്യുതൻ : ആ കാര്യങ്ങൾ സമ്മതിച്ചുകഴിഞ്ഞു. പത്രങ്ങളിൽ വന്നും കഴിഞ്ഞു.

Mr. Speaker : In the light of the facts stated by the hon. Minister, I withhold consent to the moving of the adjournment motion.

II. Strike by the students of the Agricultural College at Vellayani.

Mr. Speaker : Notices have been received from Shri E. P. Gopalan and Shri K. Krishna Pillai regarding the strike by the students of the Agricultural College at Vellayani. I call upon the concerned Minister to place the facts before the House.

ശ്രീ. എ. എ. റഹിം: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഒരാൾക്കു് ഒന്നിലധികം അഡ്ജോൺമെന്റു് മോഷൻ സഭയിൽ അവതരിപ്പിക്കുവാൻ അവകാശമുണ്ടോ ?

Mr. Speaker : Only one adjournment motion can be moved.

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

സർ, അഗ്രിക്കൾച്ചറൽ കോളേജിലെ Hostel cooks-ന്റെ പേരിൽ അവർ ക്രമരഹിതമായി പെരുമാറിയെന്നു കാണിച്ചു അവരെ ഹോസ്റ്റലിൽനിന്നും നീക്കം ചെയ്യുകയുണ്ടായി. എന്നാൽ അവരുടെ പേരിൽ വീഴ്ചയുണ്ടായിരുന്നില്ല എന്നും, അതുകൊണ്ടു അവരെ തിരിച്ചെടുക്കണമെന്നും അവർ വാദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കാളേജ് അധികൃതർ അവരെ തിരിയെ എടുക്കുവാൻ വിസമ്മതിച്ചു. ഈ കാര്യം തക്കത്തിൽ വന്നപ്പോൾ Cooks-ഉം Employees-ഉം കൂടി പിക്കറിംഗ് തുടങ്ങി. അങ്ങനെ ചില ദിവസങ്ങൾ കഴിഞ്ഞതിനുശേഷം ഇരുവിഭാഗക്കാരുടേയും പ്രതിനിധികൾ കൂടിയാലോചന നടത്തി. തർക്കം ആർബിട്രേഷനു അയയ്ക്കണമെന്നു തീരുമാനിച്ചു. ആർബിട്രേറരുടെ മുമ്പിൽ കാളേജധികൃതരും തൊഴിലാളിപ്രതിനിധികളും അവരുടെ വാദങ്ങൾ ഉന്നയിച്ചു. അതെല്ലാം കേട്ട ആർബിട്രേറരുടെ നടപടിയുടെ ഫലമായി ഇവരെ തിരിയെ എടുക്കണമെന്നു ആർബിട്രേറർ ആവശ്യപ്പെട്ടു. അങ്ങനെ തിരിയെ എടുക്കുവാനുള്ള അവകാശം കാളേജു അധികൃതർക്കുള്ളതല്ല, വിദ്യാർത്ഥികൾക്കുള്ളതാണു്, അതുകൊണ്ടു ഈ തീരുമാനം ശരിയല്ല എന്നു വിദ്യാർത്ഥികൾ വാദിച്ചു. വിദ്യാർത്ഥികൾ തങ്ങൾക്കു ഇഷ്ടം ഇല്ലാത്ത ആളുകളെ അവിടെ cooks ആയിട്ടു നിയമിച്ചാൽ അവർ പാകം ചെയ്യുന്ന ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലെന്നുള്ള വാദം ഉന്നയിച്ചുകൊണ്ടു് ഗവണ്മെൻറിന്റെ ഈ ആർഡർ set aside ചെയ്യണമെന്നു ഹൈക്കോടതിയിൽ റിട്ടു പെറ്റീഷൻ കൊടുത്തു. ഹൈക്കോടതി അതിനു തീരുമാനിച്ചതു വിദ്യാർത്ഥികൾക്കു വേലക്കാരെ നിയമിക്കുന്നതിനും മാറ്റുന്നതിനും അവകാശമില്ല, അതിനുള്ള അവകാശം കാളേജു അധികൃതർക്കുള്ളതാണു് എന്നാണു്. കാളേജിലെ വാർഡനും മറ്റും ഉള്ളതാണു് ആ അധികാരം എന്നാണു്. എന്നാൽ വിദ്യാർത്ഥികളുടെ വാദം അനുഭാവപൂർവ്വം കേട്ടു അവരുടെ ന്യായമായ സങ്കടങ്ങൾക്കു പരിഹാരം കണ്ടാൽകൊള്ളാമെന്നു ഗവണ്മെൻറിനു വിചാരമുണ്ടു്. അതനുസരിച്ചു ഇവർ പാചകം ചെയ്യുന്നതു വിദ്യാർത്ഥികൾക്കു ഇഷ്ടമില്ലെങ്കിൽ അവരെ മാറ്റാവുന്നതാണു്. പക്ഷേ ഇവർക്കു മറ്റു എന്തെങ്കിലും ജോലി കൊടുക്കാതെ സാധിക്കുകയില്ല. അങ്ങനെ എന്തു ജോലി ഇവർക്കു കൊടുക്കുവാൻ കഴിയുമെന്നു ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഒരു വിഭാഗം വിദ്യാർത്ഥികൾ പഠിപ്പുമുടക്കും മറ്റു നടപടികളും ആരംഭിച്ചതു്. ഇങ്ങനെ പഠിപ്പു മുടക്കേണ്ട ആവശ്യമില്ല. ഇഷ്ടമില്ലാത്തവരെക്കൊണ്ടു പാചകം ചെയ്യിക്കണമെന്നു ഗവണ്മെൻറിനു യാതൊരു നിർബന്ധവുമില്ല. പക്ഷേ ഈ പതിമൂന്നുപേർക്കും എന്തെങ്കിലും ജോലി കൊടുത്തേതീരൂ. ഈ കാര്യങ്ങൾ ഗവണ്മെൻറു ആലോചിക്കുന്നുണ്ടു്. എന്തെങ്കിലും പരിഹാരം കാണാനും കഴിയും. ഇതൊരു അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യം ഇല്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

ശ്രീ. കെ. കൃഷ്ണപിള്ള : വിദ്യാർത്ഥികൾ അവർക്കു ഇഷ്ടമില്ലാത്ത ആളുകൾ പാകം ചെയ്യുന്ന ഭക്ഷണം കഴിച്ചുകൊള്ളണമെന്നു ഗവണ്മെൻറു മർക്കടമുഷ്ടി പിടിക്കുകയാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതിന്റെ ഭവിഷ്യത്തു എത്രമാത്രം ഗുരുതരമായിരിക്കുമെന്നുള്ളതിനെ പരിഗണിച്ചു ഇതു ചർച്ച ചെയ്യാൻ അനുമതി തരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

Mr. Speaker : Order, order. The Minister has stated the facts and I find that there is no need for a discussion now. Therefore, I withheld consent to the moving of the adjournment motion.

III. Alleged Lathi Charge on the Workers of the Travancore Minerals, Chavara

Mr. Speaker: There are two other notices, one given by Shri Baby John and the other by Shri P. Ravindran regarding alleged lathi charge on the workers of the Travancore Minerals, Chavara on the 21st January, 1964. I call upon the Minister to make a statement.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

സർ, കുറച്ചുനാളുകളായി ചവറയിൽ തൊഴിലാളിരംഗത്തു് ചില അസ്വസ്ഥതകളെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. അതിന്റെ കാരണങ്ങൾ ഐ. എൻ. ടി. യു. സി.യുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം തൊഴിലാളികളും ആർ. എസ്. പി. യുടെ നേതൃത്വത്തിലുള്ള മറ്റൊരുവിഭാഗം തൊഴിലാളികളും

LIBRARY ARCHIVES Kerala Legislative Assembly